DESPATCHED
On 08/06/2020

4/05/2020

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.1172(6)/2016/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.10132/SIC-Gen5/2016**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. പി.കെ.എം.ചേക്കു,
മാമയിൽ വീട്,
കായലം പി.ഒ., കോഴിക്കോട്. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
കൺട്രോളർ ഓഫ് ഫാറംസ്,
അച്ചടി വകുപ്പു ഡയറക്ടറുടെ കാര്യാലയം,
ഗവൺമെന്റ് സെൻട്രൽ പ്രസ്സ്,
തിരുവനന്തപുരം.

2. അപ്പീൽ അധികാരി & ഡയറക്ടർ,
അച്ചടി വകുപ്പു ഡയറക്ടറുടെ കാര്യാലയം,
ഗവൺമെന്റ് സെൻട്രൽ പ്രസ്സ്,
തിരുവനന്തപുരം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 11/04/2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 02/05/2016 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 13/06/2016 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 27/06/2016 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 11/08/2016 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 17/08/2016 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 09/09/2016 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 03/10/2016 |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. പി.കെ.എം. ചേക്കു, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ എതിർകക്ഷി ഓഫീസിൽ ലഭ്യമല്ല എന്ന ഒഴുക്കൻ മറുപടിയാണ് ഒന്നാം എതിർകക്ഷി നൽകിയത് എന്നും ഇക്കാര്യം ചൂണ്ടിക്കാട്ടി അപ്പീൽ അപേക്ഷ സമർപ്പിച്ചുവെങ്കിലും ആയത് നിയമവിരുദ്ധമായും ഏകപക്ഷീയമായും തീർപ്പാക്കുകയാണുണ്ടായതെന്നും വിവരാവകാശ നിയമത്തിലെ 6(3) വകുപ്പുപ്രകാരമുള്ള നടപടി എതിർകക്ഷികൾ സ്വീകരിച്ചില്ല എന്നും മറ്റുമാണ്.

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, കോഴിക്കോട് കായലം ജമാഅത്ത് പള്ളിക്ക് കീഴിലെ വഖഫ് സ്വത്ത് സംബന്ധിച്ച് പുറപ്പെടുവിച്ച 46–23.11.1982 നമ്പർ ഗസറ്റ് വിജ്ഞാപനത്തിന്റെ പകർപ്പ് നൽകണമെന്നാണ്. മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട ഗസറ്റ് മേൽപ്പടി കാര്യാലയത്തിൽ ലഭ്യമല്ല എന്നാണ്.

3. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാൻ ആവശ്യപ്പെട്ട ഗസറ്റ് വിജ്ഞാപനം ഏതു ഓഫീസിൽ ലഭ്യമാണെന്ന് തിട്ടപ്പെടുത്തി വിവരാവകാശ നിയമത്തിലെ 6(3) വകുപ്പു പ്രകാരമുള്ള നടപടി ഒന്നാം എതിർകക്ഷി സ്വീകരിച്ചില്ല എന്നാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖ 20 വർഷത്തിലധികം പഴക്കമുള്ളതാണെന്നും ആയത് എതിർകക്ഷി ഓഫീസിൽ ഇപ്പോൾ ലഭ്യമല്ല എന്നാണ് ഒന്നാം എതിർകക്ഷി അറിയിച്ചിട്ടുള്ളതെന്നും ആയതിനാൽ തിരുവനന്തപുരം പാളയത്തുള്ള സ്റ്റേറ്റ് പബ്ലിക് ലൈബ്രറിയിൽ നിന്നും ആയത് ലഭിക്കാൻ സാധ്യതയുണ്ടെന്നുമാണ്.

4. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, എതിർകക്ഷി കാര്യാലയത്തിൽ സർക്കാർ ഗസറ്റുകൾ പ്രിന്റ് ചെയ്യുന്നു എന്നതല്ലാതെ അവ സൂക്ഷിച്ചു വയ്ക്കാനുള്ള സ്ഥല സൗകര്യം മേൽപ്പടി ഓഫീസിൽ ഇല്ലെന്നും അത്തരം സാഹചര്യത്തിലാണ് പ്രസ്തുത ഗസറ്റിന്റെ പകർപ്പ് ലഭിക്കുവാൻ സാധ്യതയുള്ള കാര്യാലയത്തിന്റെ പേരും സ്ഥലവും വിവരിച്ചിട്ടുള്ളതെന്നും മറ്റുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട ഗസറ്റ് വിജ്ഞാപനം എതിർകക്ഷി ഓഫീസിൽ ലഭ്യമായിരുന്നില്ല എങ്കിൽ ആയത് ലഭ്യമാകുവാൻ സാധ്യതയുള്ള കാര്യാലയത്തിലേക്ക് ഹർജിക്കാരന്റെ അപേക്ഷ വിവരാവകാശ നിയമത്തിലെ 6(3) വകുപ്പു പ്രകാരം അയച്ചു നൽകേണ്ടതായിരുന്നു. ആയതിനുപകരം മേൽപ്പടി വിജ്ഞാപനം എതിർകക്ഷി ഓഫീസിൽ ലഭ്യമല്ലെന്നും ആയത് തിരുവനന്തപുരത്തുള്ള പബ്ലിക് ലൈബ്രറിയിൽ നിന്നും ലഭിക്കുവാൻ സാധ്യതയുണ്ടെന്നുമാണ് ഹർജിക്കാരനെ അറിയിച്ചത്. ആയതിനാൽ ഹർജിക്കാരന്റെ അപേക്ഷയുടെ പകർപ്പ് വിവരാവകാശ നിയമത്തിലെ 6(3) വകുപ്പു പ്രകാരം പബ്ലിക് ലൈബ്രറിയിലേക്ക് അയച്ചു നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 മെയ് 4-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(തിരു.)

us

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

RIGHT TO INFORMATION